**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2294** **09-02-2023 - ൽ മറുപടിയ്ക്ക്**

**സാക്ഷരതാ മിഷൻ പ്രേരക്മാരുടെ പുനർവിന്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സാക്ഷരതാ മിഷൻ പ്രവർത്തനങ്ങളുടെ നെടുംതൂണുകളായ സാക്ഷരതാ പ്രേരക് മാരെ തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിക്കുന്നതിന് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്.<br><br>2021 ജനുവരി മാസത്തിലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെയും, ധനവകുപ്പിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ 30.03.2022-ലെ മന്ത്രിസഭായോഗ തീരുമാനം പ്രകാരം 31.03.2022-ലെ സ.ഉ (കൈ) നം.72/2022/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സാക്ഷരത പ്രേരക്മാരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു) |
| (ബി) | പ്രസ്തുത പുനർവിന്യാസം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | സാക്ഷരത പ്രേരക്മാരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയ സാഹചര്യത്തിൽ പ്രേരക്മാരുടെ നിയമനം, നിലവിലുള്ള വ്യവസ്ഥയിൽ ഉണ്ടാകേണ്ട മാറ്റങ്ങൾ ,ഉണ്ടാകുന്ന അധിക ബാധ്യത ,പ്രവർത്തന വിലയിരുത്തത്തിനുള്ള എം.ഐ.എസ് തുടങ്ങിയവ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെ യോഗത്തിൽ പ്രേരക്മാരുടെ ഓണറേറിയം 75:25 എന്ന അനുപാതത്തിൽ പ്രതിമാസ അടിസ്ഥാനത്തിൽ 75% (16.5 കോടി) ഓണറേറിയം തദ്ദേശസ്വയംഭരണ വകുപ്പും 25% (5.5 കോടി) കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി മൂന്നുമാസത്തിലൊരിക്കൽ പ്രവർത്തന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതിനുള്ള വ്യവസ്ഥ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടായിരുന്നു.<br><br>സാക്ഷരതാ പ്രേരക്മാർക്ക് നൽകാനുള്ള ഓണറേറിയം ഇനത്തിൽ ഏകദേശം 22 കോടി രൂപയാണ് പ്രതിവർഷം ആവശ്യമായി വരുന്നത്. |

| | | | |
|---|---|---|---|
| | | | ആയതിൽ 8 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി സാക്ഷരതാ മിഷൻ അതോറിറ്റിക്ക് ഇപ്പോൾ നൽകി വരുന്നത്.<br><br>മേൽപ്പറഞ്ഞ രീതിയിൽ തദ്ദേശസ്വയംഭരണ വകുപ്പിന് 75% തുക പ്രതിമാസ ഓണറേറിയമായി പ്രേരക്മാർക്ക് നൽകുന്നതിന് 16.5 കോടി രൂപ ആവശ്യമാണ്. പ്രേരക് ഓണറേറിയം ഇനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന് പുതിയ ശീർഷകം അനുവദിച്ച് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സാക്ഷരതാ പ്രേരകരുടെ പുനർവിന്യാസ നടപടികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - സംസ്ഥാന സാക്ഷരത മിഷനു കീഴിൽ ജോലി ചെയ്യുന്ന സാക്ഷരതാ പ്രേരക്മാരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ. (കൈ)നം. 72/2022/തസ്വഭവ, തിരുവനന്തപുരം, തീയതി: 31.03.2022

---

പരാമർശം :
1. കേരള സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടറുടെ 27/01/2021-ലെ നം.എ 7-0001/21/കേ.സാ.മി.അ. നമ്പർ പ്രൊപ്പോസൽ.
2. 13/07/2021, 18/07/2021, 23/09/2021, 24/09/2021 എന്നീ തീയതികളിൽ സാക്ഷരതാ പ്രേരക് മാർ സമർപ്പിച്ച നിവേദനങ്ങൾ.
3. 14/07/2021-ലെ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം.
4. 22/07/2021-ൽ കേരള സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടറുടെ നം.എ 7-0001/21/കേ.സാ.മി.അ. നമ്പർ പ്രൊപ്പോസൽ.
5. 6/11/2021-ൽ സാക്ഷരതാ മിഷൻ ഡയറക്ടർ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ച കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന സാക്ഷരതാ പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കുന്നതാണെന്നും ഇവരുടെ അലവൻസ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അധികമായി ലഭ്യമാക്കുമെന്നും, സാക്ഷരതാ മിഷന് 18 കോടി രൂപ വകയിരുത്തുന്നുവെന്നും 2021 ജനുവരിയിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ പരാമർശം (1) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചു. സാക്ഷരതാ മിഷനു കീഴിലുള്ള 1796 പ്രേരക്മാരെയാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കേണ്ടത്. ഇതേ ആവശ്യം ഉന്നയിച്ച് പരാമർശം (2) പ്രകാരം സാക്ഷരതാ പ്രേരക് മാർ സർക്കാരിൽ നിവേദനങ്ങൾ സമർപ്പിച്ചു. പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 14.07.2021-ന് യോഗം ചേരുകയും . ടി യോഗത്തിൽ പ്രേരക്മാരുടെ ഓണറേറിയം സംബന്ധിച്ച നിലവിലെ വ്യവസ്ഥ, പുനർവിന്യസിച്ചതിനുശേഷം വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ, പ്രേരകുകളുടെ വേതന ഇനത്തിൽ ഉണ്ടാകുന്ന ബാധ്യത, ഇൻഷ്വറൻസ്, ചികിത്സാ

ധനസഹായം തുടങ്ങിയ ചെലവുകൾ എങ്ങനെ വഹിക്കും തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തി വിശദമായ concept നോട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ സാക്ഷരതാ മിഷൻ ഡയറക്ടറോട് ആവശ്യപ്പെട്ടു. സാക്ഷരതാ മിഷൻ ഡയറക്ടർ ടി വിഷയം സംബന്ധിച്ച് പരാമർശം (4) പ്രകാരം വിശദമായ നിർദ്ദേശങ്ങൾ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രേരക് മാരുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പുനർവിന്യസത്തിന് തത്വത്തിൽ അംഗീകാരം നൽകികൊണ്ടും, പ്രേരക് മാരുടെ നിയമനം, നിലവിലെ വ്യവസ്ഥയിലുണ്ടാകേണ്ട മാറ്റങ്ങൾ, ഉണ്ടാകുന്ന അധിക ബാധ്യത, പ്രവർത്തന വിലയിരുത്തലിനുള്ള MIS തുടങ്ങിയവ പരിശോധിച്ച് മൂന്നു മാസത്തിനകം ശിപാർശ സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറി, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ധനകാര്യ റിസോഴ്സസ് വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്ത് കൊണ്ടും ഉത്തരവാകുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിക്കുന്ന ശിപാർശയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്നതു വരെ ഓണറേറിയം നൽകുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി തുടരേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1) കേരള സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ, തിരുവനന്തപുരം
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ , തിരുവനന്തപുരം
5) പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്.
6) പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.643 തീയതി 30.03.2022)
7) ധനകാര്യ (ഡെവ) വകുപ്പ് (05.11.2021 ലെ നം.1883548/ഡെവ-2/267/2021/ധന)
8) വിവര പൊതുജന സമ്പർക്ക വകുപ്പ് (web & new media)
9) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1) ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2) തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
3) പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
4) ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ധനകാര്യ റിസോഴ്സസ് വകുപ്പ് പ്രൈവറ്റ് സെക്രട്ടറിക്ക്